# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.532** **24.01.2018-ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി**

| ചോദ്യം<br>ശ്രീ.കെ.എം.മാണി : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പ്രവാസികൾക്ക് കെ.എസ്.എഫ്.ഇ ഇപ്പോൾ നടത്തുന്ന എല്ലാ ചിട്ടികളിലും അംഗമാകുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണ്; | (എ) | പ്രവാസികൾക്ക് കെ.എസ്.എഫ്.ഇ ചിട്ടികളിൽ അംഗമാകുന്നതിന് നിയമതടസ്സമില്ല. |
| (ബി) | പ്രവാസി ചിട്ടിയെടുക്കുന്നവർക്ക് പെൻഷൻ നൽകുമെന്ന് കെ.എസ്.എഫ്.ഇ പറയുന്നത് സർക്കാരിന്റെ അനുവാദത്തോടുകൂടിയാണോ; വ്യക്തമാക്കുമോ; | (ബി) | പ്രവാസി ചിട്ടിയിൽ ചേരുന്നവർക്ക് അവരുടെ ചിട്ടി വിളിച്ചെടുക്കുന്ന തുക ലൈഫ് ഇൻഷ്വറൻസ് കമ്പനിയുടെ പെൻഷൻ ഫണ്ടിലേക്ക് മാറ്റി അതു വഴി ആവർത്തന പെൻഷൻ കരസ്ഥമാക്കാനുള്ള ഒരു അവസരം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനെ സംബന്ധിച്ച അന്തിമ രൂപം ആയിട്ടില്ല. ഇത് ഒരു ഓപ്ഷൻ പദ്ധതി മാത്രമാണ്. |
| (സി) | പ്രവാസികളെ കെ.എസ്.എഫ്.ഇ നടത്തുന്ന ചിട്ടികളിലെ ജി.എസ്.ടി-യിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം അറിയിക്കാമോ? | (സി) | പ്രവാസികളെ കെ.എസ്.എഫ്.ഇ നടത്തുന്ന ചിട്ടികളിലെ ജി.എസ്.ടി- യിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. |

M usalim

**സെക്ഷൻ ഓഫീസർ**